LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി കപ്പൽ നിർമ്മാണ ശാലയുടെ പ്രവർത്തനം

86 (5891) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരീഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കപ്പൽ നിർമ്മാണശാലയുടെ പ്രവർത്തനശേഷിക്കനുസരിച്ച് നിർമ്മാണ ഓർഡർ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കപ്പൽ നിർമ്മാണരംഗത്തെ ആവശ്യകതക്കനുസരിച്ച് കൊച്ചി കപ്പൽ നിർമ്മാണശാലയിൽ ഓർഡർ ലഭ്യമാക്കാൻ സർക്കാർതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രതിരോധ മന്ത്രാലയത്തിൽനിന്നും മറ്റ് മേഖലകളിൽ നൽകുന്ന ഓർഡറുകൾക്ക് ആനുപാതികമായി കൊച്ചിയിൽ ഇതര ഓർഡറുകൾ ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഇന്ത്യൻ നാവികസേനയ്ക്ക് വേണ്ടി തദ്ദേശനിർമ്മിത വിമാനവാഹിനിക്കപ്പലും ഇന്ത്യൻ തീരദേശ സംരക്ഷണസേനയ്ക്ക് വേണ്ടി അതിവേഗ പട്രോളിംഗ് നൗകകളുമാണ് കൊച്ചിൻ കപ്പൽശാല ഇപ്പോൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. തദ്ദേശനിർമ്മിത വിമാനവാഹിനിക്കപ്പലിന്റെ ഒന്നാംഘട്ട നിർമ്മാണക്കരാർ 12-8-2013-ന് കപ്പൽ നീറ്റിലിറക്കിയതുവഴി പൂർത്തീകരിച്ചിരുന്നു. രണ്ടാംഘട്ടത്തിനുള്ള കരാർ 16-12-2014-നാണ് ഒപ്പ് വച്ചിരിക്കുന്നത്. 2016 ഡിസംബർ മാസത്തോടുകൂടി ഡീസൽ ആൾട്ടർനേറ്റർ സെറ്റുകളുടെ ഇറമുഖ പരിശോധനകളുടെ പൂർത്തീകരണമാണ് രണ്ടാംഘട്ട കരാർ വിഭാവനം ചെയ്യുന്നത്. 20 അതിവേഗ പട്രോളിംഗ് നൗകകൾ നിർമ്മിച്ച് നൽകുന്നതിനുള്ള കരാർ ഇന്ത്യൻ തീരസംരക്ഷണ സേനയുമായി 20-10-2010-ലാണ് ഒപ്പ് വച്ചത്. 20-6-2012-ന് ആദ്യ നൗക നിർമ്മിച്ച് നൽകാനും 20-3-2017-ൽ അവസാനത്തെ നൗക നിർമ്മിച്ചുനൽകാനുമാണ് കരാർ. ഇതിൽ 13 അതിവേഗ പട്രോളിംഗ് നൗകകൾ ഇതിനകം നിർമ്മിച്ച് നൽകിക്കഴിഞ്ഞു. അബുദാബി ആസ്ഥാനമായുള്ള M/s. NPCC-യുമായി ജാക്കറ്റ് ലോഞ്ച് ബാർജ്

നിർമ്മിക്കുന്നതിനും കൊച്ചിൻ കപ്പൽശാല കരാർ ഒപ്പുവച്ചിട്ടുണ്ട്. 20-7-2016-ന് നിർമ്മിച്ച് നൽകാനായിട്ടാണ് 5-1-2015-ൽ ഒപ്പുവച്ച കരാറിൽ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൊച്ചി നഗരസഭയ്ക്ക് വേണ്ടി റോ-റോ ഫെറി വെസ്സൽ നിർമ്മിക്കുന്നതിനുള്ള കരാറും 2-3-2015-ന് കൊച്ചിൻ ഷിപ്പ്യാർഡ് ഒപ്പ് വച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിലുള്ള കപ്പലുകളും യുദ്ധക്കപ്പലുകളും നിർമ്മിക്കുന്നതിനുള്ള അധികശേഷിയും പ്രാപ്തിയും ഇപ്പോൾ കൊച്ചിൻ കപ്പൽശാലയ്ക്കുണ്ട്.

(ബി) കൊച്ചിൻ കപ്പൽശാല ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായതിനാൽ ഭാരത സർക്കാരിന്റെകീഴിലുള്ള ഷിപ്പിംഗ് മന്ത്രാലയത്തിന് കീഴിലാണ്. ആയതിനാൽ സംസ്ഥാന സർക്കാരിന് കപ്പൽശാലയുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് പരിമിതിയുണ്ട്. ആൻഡമാൻ നിക്കോബാർ അഡ്മിനിസ്ട്രേഷന് വേണ്ടി രണ്ട് 1200 pax വെസ്സലുകളും ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന് വേണ്ടി രണ്ട് 500 pax വെസ്സലുകളും നിർമ്മിക്കുന്നതിന് ഷിപ്പിംഗ് മന്ത്രാലയം കൊച്ചിൻ കപ്പൽ നിർമ്മാണശാലയെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. അന്തിമ വിലയും മറ്റ് നിബന്ധനകളും സംബന്ധിച്ച് SCI, ആൻഡമാൻ നിക്കോബാർ അഡ്മിനിസ്ട്രേഷൻ, കൊച്ചിൻ കപ്പൽശാല, ഷിപ്പിംഗ് മന്ത്രാലയം എന്നിവർ തമ്മിൽ ചർച്ചകൾ പുരോഗമിക്കുന്നു. ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് വേണ്ടി ഓഫ് ഷോർ സപ്പോർട്ട് വെസ്സലുകൾ നിർമ്മിക്കുന്നതിനും കൊച്ചിൻ കപ്പൽശാല ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഭാരതസർക്കാരും ഷിപ്പിംഗ് മന്ത്രാലയവും കൊച്ചിൻ കപ്പൽശാലയ്ക്ക് ഓർഡറുകൾ ലഭിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ എല്ലാ സഹകരണവും എപ്പോഴും നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ഇന്ത്യയിലെ മികച്ച കപ്പൽ നിർമ്മാണശാലകളിൽ ഒന്നായി കൊച്ചിൻ കപ്പൽശാലയെ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം വിലയിരുത്തിയിട്ടുണ്ട്. രാജ്യത്തിന്റെ അഭിമാനമായ യുദ്ധക്കപ്പലായ തദ്ദേശനിർമ്മിത വിമാനവാഹിനി കപ്പലാണ് ഇന്ത്യൻ നാവികസേനയ്ക്കുവേണ്ടി ഇപ്പോൾ കൊച്ചിൻ കപ്പൽശാല നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. രാജ്യത്ത് നിർമ്മിക്കുന്നതിൽവച്ച് ഏറ്റവും വലിയ യുദ്ധക്കപ്പലാണിത്. ഏകദേശം 19,341 കോടി രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്നത്. കൂടാതെ ഇന്ത്യൻ തീരസംരക്ഷണ സേനയിൽനിന്നും 20 അതിവേഗ പട്രോളിംഗ് നൗകകൾ നിർമ്മിക്കുന്നതിനുള്ള ഓർഡറും ലഭിച്ചിട്ടുണ്ട്. ഈ അതിവേഗ പട്രോളിംഗ് നൗകകൾ 33 knots വരെ വേഗമാർജ്ജിക്കാൻ ശേഷിയുള്ളവയാണ്.

പ്രവാസി മലയാളികളിൽനിന്നും സംസ്ഥാനത്തെത്തുന്ന പണം

87 (5892) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly